കേരള സർക്കാർ

വിതുര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,തിരുവനന്തപുരം.
www.lfa.kerala.gov.in
e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/300/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം
ഇമെയിൽ - lfadtvm@yahoo.in
വെബ് - www.lfa.kerala.gov.in
ഫോൺ - 04712331231
തീയതി.06.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിതുര ഗ്രാമപഞ്ചായത്ത്
സർ,

വിഷയം : വിതുര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിതുര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും ഭാഗം 3 ലേയ്ക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്
എസ്.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.5/ 300/2019 തീയതി: 06.04.2019

## തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.09.17 മുതൽ 31.01.2019തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽകണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 32 എണ്ണം നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.സാജൻലാൽ എസ്.ജെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 11.02.2019മുതൽ 19.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ശ്രീജ.കെ, ഓഡിറ്റ് ഓഫീസർ |
| | : | ശ്രീമതി.ശാലിനി. വി .കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീമതി.രേഖ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീ.ലിപു.എസ് ലോറൻസ്. ഓഡിറ്റർ |
| | : | ശ്രീ.സഫീർ അഹമ്മദ് അബ്ദുൽ റൗഫ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.എസ്.എൽ.കൃഷ്ണകുമാരി. 01.04.2017മുതൽ 31.03.2018വരെ

സെക്രട്ടറി : ശ്രീ.അനുസചേതനൻ 01.04.2017മുതൽ 31.03.2018 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | നിഷാപിള്ള.എച്ച്. | 01.04.17 മുതൽ 04.10.17 വരെ |
| | ശ്രീദേവി.വി.എസ് | 05.10.17 മുതൽ31.3.18വരെ |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ | ഡോ.രാജ്കപൂർ | 01.04.17മുതൽ 31.03.18 വരെ |

| | | |
|---|---|---|
| വിതുര) | | |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രേഖ.പി.കെ | 01.04.17മുതൽ 12.07.17 വരെ |
| | ഡോ.അന ചന്ദ്രൻ | 13.07.17 മുതൽ31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ദീപ.എ.എസ് | 01.04.17മുതൽ 31.03.18വരെ |
| വെറ്ററിനറി സർജൻ | ഡോ.ഇന്ദുലേഖ | 01.04.17 മുതൽ 06.06.17 വരെ |
| | ഡോ. അമൃത | 07.06.17 മുതൽ 04.10.17 വരെ |
| | ഡോ. സാറാ വർഗ്ഗീസ് | 05..10.17മുതൽ 31.03.17 വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി. അനിതകുമാരി.എൽ | 01.04.17മുതൽ 31.03.18 വരെ |
| വി.ഇ.ഒ.<br>(വിതുര സർക്കിൾ) | ശ്രീ.പ്രേംകുമാർ | 01.04.17മുതൽ 17.10.17 വരെ |
| (വിതുര സർക്കിൾ) | ശ്രീ.ശ്രീകുമാർ | 18.10.17 മുതൽ 31.03.18 വരെ |
| (ചായം സർക്കിൾ) | സജീർഖാൻ | 8/11/17മുതൽ 31.03.18 വരെ<br>(01.04.17മുതൽ 7.11.17 വരെ നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതല ആരും വഹിച്ചിട്ടില്ല ) |
| അസി.സെക്രട്ടറി | ശ്രീ.കെ.കെ.സജീവ്കുമാർ | 01.04.17മുതൽ 09.06.17വരെ<br>(10.6.17മുതൽ15.6.17വരെ നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതല ആരും വഹിച്ചിട്ടില്ല) |
| | ശ്രീ.ഫ്രാങ്ക്ളിൻ ദാസ്.ഡി.ആർ | 16.06.17മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീ.സുരേഷ്.എ.ആർ | 01.04.17മുതൽ 11.10.17 വരെ |
| | ശ്രീ.സത്യൻ | 12.10.17 മുതൽ 31.03.18 വരെ |
| ഹെഡ്മാസ്റ്റർ,ഗവ. എൽ.പി.എസ് ചായം | ശ്രീ.പി.മോഹനകുമാർ | 01.04.17 മുതൽ 19.09.17 വരെ<br>(20.09.17മുതൽ24.09.17വരെ നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതല ആരും വഹിച്ചിട്ടില്ല) |
| | ശ്രീ.സുരേന്ദ്രൻ കാണി,ഗവ. യു.പി.എസ് ബോണക്കാട് | 25.09.17മുതൽ23.10.17 |
| | ശ്രീ.രാധാകൃഷ്ണൻ .ബി.എസ്,ഗവ. യു.പി.എസ് ,മരുതാമല | 24.10.17 മുതൽ 31.03.18 വരെ |

| | ഉള്ളടക്കം | | |
|---|---|---|---|
| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ്പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളുടെ പരിശോധനയിലെ മറ്റ് അപാകങ്ങൾ | 1-12 | |
| | ഭാഗം - 2 | | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 | |
| 14 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 2-2 | |
| 15 | രജിസ്ട്രേഷൻ ഇല്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 | |
| 16 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപക നികുതി എന്നിവ ഈടാക്കിയിട്ടില്ല. | 2-4 | |
| 17 | വാടക യിനത്തിൽ കുടിശ്ശിക- വരുമാനച്ചോർച്ച | 2-5 | |
| 18 | ടെണ്ടർ ഫോം വില ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-6 | |
| | ഭാഗം - 3 | | |
| 19 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ പദ്ധതി - ഗുണമേന്മാ പരിശോധന കാര്യക്ഷമമല്ല | 3-1 | |
| 20 | തെരുവ് വിളക്ക് പരിപാലനം - അപാകങ്ങൾ | 3-2 | |
| 21 | പഞ്ചായത്തിലേക്ക് സോഫ്റ്റ്‌വെയർ വാങ്ങിയതിൽ അപാകങ്ങൾ | 3-3 | |
| 22 | പൊന്നാംചുണ്ട് കുടുംബശ്രീ നഗർ ഓഡിറ്റോറിയം നവീകരണം- സർവീസ് ടാക്സ് ഉൾപ്പെടെയുള്ള തുക കരാറുകാരന് പ്രവൃത്തിക്കായിനൽകി.തുക 54109/- നിരാകരിക്കുന്നു. | 3-4 | |
| 23 | കരാർ വ്യവസ്ഥ യിലെ സമയക്രമം പാലിച്ചില്ല- പിഴ ഈടാക്കിയിട്ടില്ല.16622/- രൂപ നിരാകരിക്കുന്നു. | 3-5 | |

| | | | |
|---|---|---|---|
| 24 | മരാമത്തുപണികൾ-കരാർ ചമക്കുന്നതിലെ കാലതാമസം-പിഴ8375/-ഈടാക്കേണ്ടതാണ് | 3-6 | |
| 25 | പ്രോജക്ട് ഫോറത്തിൽ ആസ്തി യുണീക്ക് നമ്പർ രേഖപ്പെടുത്താതെ പ്രോജക്ടുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നു | 3-7 | |
| 26 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 3-8 | |
| 27 | ചെലവ് തുകകൾ-എകസ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ ഉൾപ്പെടുന്നില്ല | 3-9 | |
| 28 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് ടി),വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് സി) - അപാകങ്ങൾ | 3-10 | |
| 29 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നല്കൽ, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നല്കൽ - അപാകങ്ങൾ | 3-11 | |
| 30 | ഭവന പുനരുദ്ധാരണം (എസ് സി പി) - അപാകങ്ങൾ | 3-12 | |
| 31 | അങ്കണവാടികളിൽപോഷകാഹാരം-നിരീക്ഷണകമ്മിറ്റിരൂപീകരിക്കേണ്ടതാണ് | 3-13 | |
| 32 | ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗൻവാടി | 3-14 | |
| 33 | ജാഗ്രതസമിതി പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമാക്കേണ്ടതാണ് | 3-15 | |
| 34 | ബോണക്കാട് വാർഡിൽ വൈദ്യുതി കണക്ഷൻ –അപാകങ്ങൾ | 3-16 | |
| 35 | സ്കൂൾ ക്ലാസ് റൂമിലേയ്ക്ക് അലമാര വാങ്ങൽ പദ്ധതിയിൽ – അപാകങ്ങൾ | 3-17 | |
| 36 | ഗുണഭോക്തൃതെരഞ്ഞെടുപ്പ്-സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 3-18 | |
| 37 | തൊഴിൽരഹിതവേതനം - അർഹതയില്ലാതെ കൈപ്പറ്റി | 3-19 | |
| | ഭാഗം - 4 | | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 42 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 25.03.2017ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 176656327/- രൂപയും പ്രതീക്ഷിത ചെലവ് 175237977/- രൂപയുമാണ്.എന്നാൽ യഥാർത്ഥ വരവ് 110043566/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) യഥാർത്ഥ ചെലവ് 94518469/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 26.06.18 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | ഓഡിറ്റ് തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 28.06.2018 വരെ | കെ എസ്.എ.ടി.വി.എം /ജി.പി.5 /1935/2018,19.9.2018 |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 14462063 |
| വരവ് | : | 95581503 |
| ആകെ | : | 110043566 |
| ചെലവ് | : | 94518469 |
| നീക്കിയിരിപ്പ് | : | 15525097 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 22602758 | 22602758 | 22602758 | 0 |
| വികസന ഫണ്ട് എസ്.സി.പി | 0 | 6220015 | 6220015 | 6220015 | 0 |
| വികസനഫണ്ട് ടി.എസ്.പി | 0 | 7962780 | 7962780 | 7962780 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 10954151 | 10954151 | 10954151 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4337441 | 4337441 | 4337441 | 0 |

| | | | | | |
|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10748372 | 10748372 | 10748372 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2414805 | 2414805 | 2414805 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 162712 | 1427936 | 1590648 | 1588463 | 2185 |
| ബി ഫണ്ട് | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 9793000 | 9793000 | 9793000 | 0 |
| തനത് ഫണ്ട്-ഇന്ത്യൻ ബാങ്ക് | 6675629 | 10335326 | 17010955 | 4766065 | 12244890 |
| തനത് ഫണ്ട്.S.C.B | 3343119 | 3073205 | 6416324 | 3278760 | 3137564 |
| S.C.B-1 | 3860 | 154 | 4014 | 0 | 4014 |
| എസ്.സി.ബി.റിലീഫ് | 1330 | 0 | 1330 | 1000 | 330 |
| ഇന്ത്യൻ ബാങ്ക്NREGA | 162712 | 1427936 | 1590648 | 1588463 | 2185 |
| ഇന്ത്യൻ ബാങ്ക്സാക്ഷരത | 2870 | 109 | 2979 | 0 | 2979 |
| എസ്.ബി.ഐ-2 | 1003 | 37 | 1040 | 0 | 1040 |
| എസ്.ബി.ഐ-1 | 27149 | 1012 | 28161 | 0 | 28161 |
| എസ്.ബി.ഐ-ഇ-പെയ്മെന്റ് | | 11399 | 11399 | 649 | 10750 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 17 | 6378574 | 8 | 349028 | 7 | 2 | 47 |
| വെറ്ററിനറി സർജൻ | 10 | 13086216 | 5 | 5526250 | 4 | 1 | 50 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 250000 | 1 | 250000 | 0 | 0 | 100 |
| മെഡിക്കൽ ഓഫീസർആയുർവേദം | 2 | 700000 | 2 | 700000 | 0 | 0 | 100 |
| മെഡിക്കൽ ഓഫീസർ,താലൂക്ക് ഹോസ്പിറ്റൽ,വിതുര | 1 | 600000 | 1 | 570651 | 0 | 0 | 100 |
| വി.ഇ.ഒ | 19 | 13353500 | 8 | | 5 | 6 | 42 |
| സെക്രട്ടറി | 16 | 7207990 | 13 | 5808860 | 0 | 0 | 81 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 4325190 | 10 | 4046466 | 1 | 0 | 91 |
| ഹെഡ്മാസ്റ്റർ | 8 | 1134000 | 7 | 909468 | 0 | 1 | 88 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 1318000 | 3 | 799000 | 0 | 0 | 100 |
| അസി.സെക്രട്ടറി | 13 | 5530000 | 7 | 2655184 | 2 | 4 | 54 |
| അസി.എഞ്ചിനീയർ | 202 | 75736331 | 107 | 34569246 | 31 | 64 | 53 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 162712 | 1427936 | 1590648 | 1588463 | 2185 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 47377535 | 47377535 | 47377535 | 0 |
| ആകെ | 162712 | 48805471 | 48968183 | 48965998 | 2185 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 200160 | 337 |
| കർഷകത്തൊഴിലാളി പെൻഷൻ | 6156500 | 2152 |
| വിധവാ പെൻഷൻ | 18074300 | 5883 |
| വാർദ്ധക്യകാല പെൻഷൻ | 27418800 | 8109 |
| വികലാംഗ പെൻഷൻ | 3681400 | 1161 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 5 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 711500 | 238 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 11.2.19തീയതിയിൽ 10.30ന് നടത്തുകയുണ്ടായി. പരിശോധനയിൽ 42915/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം:

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം ഏറെക്കുറെ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. ഓഫീസ് ഓർഡർ പ്രകാരം ഉദ്യോഗസ്ഥരുടെ ജോലി വിഭജനം കൃത്യമായി ക്രമീകരിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരുമാനങ്ങളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ബജറ്റ് രൂപീകരണം സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമം പാലിക്കേണ്ടതുണ്ട്.(ഖണ്ഡിക 2-1 കാണുക)വരവിനങ്ങളുടെ രജിസ്റ്ററുകൾ, ഡി.സി.ബി പത്രിക എന്നിവ കൃത്യതയോടെ എഴുതി സൂക്ഷിക്കുന്നതിൽ

ജാഗ്രത പുലർത്തേണ്ടതുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ TR7A പ്രകാരമുള്ള ക്യാഷ് ബുക്ക്, Form No.B-5 പ്രകാരമുള്ള പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ് സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല.മുൻകൂർ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകളോടെ എഴുതി സൂക്ഷിക്കേണ്ടതാണ്.പദ്ധതി നടത്തിപ്പിൽ അർഹതയില്ലാത്തവർ ഉൾപ്പെടുന്നുണ്ടോ എന്നും അർഹതയുള്ളവർക്ക് ലഭിക്കുന്നുണ്ടോ എന്നും മോണിറ്ററിംഗ് നടക്കുന്നില്ല.(ഖ. 3-18കാണുക). പദ്ധതി നടത്തിപ്പിൽ പൂർണ്ണത കൈവരിക്കാൻ ശ്രമിക്കേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥർ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/1/2019 | 1/11/18മുതൽ 30/11/2018വരെ | ഇല്ല |
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 19.04.19 | 1/4/2013 മുതൽ 31/3/20172017 വരെ | 18.05/17 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൌണ്ട്സുമായി ബന്ധപ്പെട്ട പരാമർശങ്ങൾ - ഇല്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി ക്രമം (ഓഡിറ്റ് എൻക്വയറി 9-ന് നൽകിയ മറുപടി ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | എല്ലാ സ്ഥാപനമേധാവികൾക്കുംനോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ കത്ത് നൽകിയിട്ടുണ്ട്. |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15-ന് മുൻപ് | എല്ലാ സ്ഥാപനമേധാവികൾക്കുംനോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| 3 | ക്രോഡീകരണത്തിനായി വിവിധ<br>സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനവരി 25-ന്<br>മുൻപ് | വിവിധ<br>സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്ന് ഘടകസ്ഥാപന മേധാവികൾ സമർപ്പിച്ച കരട് പ്രൊപ്പോസലുകൾ ക്രോഡീകരണം നടത്തിയിട്ടുണ്ട്. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന്<br>മുൻപ് | വിവിധ<br>സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്ന് ക്രോഡീകരണം നടത്തിയിട്ടുള്ള കരട് പ്രൊപ്പോസലുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ക്രോഡീകരിച്ചിട്ടുണ്ട്. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 5/6/17-ലെ 500/17-18 /DPC/DPO/TVPM നമ്പരായി വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 17/3/17 ലെ 1-ാം നമ്പർ തീരുമാന പ്രകാരം കരട് ബജറ്റ് നിർമ്മാണം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 25/3/17- ൽ കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്. |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 25.03.17-ലെII-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. |

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്ട്സ് പരിശോധിച്ചതിൽ 10/2/17 ന് എല്ലാ സ്ഥാപനമേധാവികളോടും നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടാനും 23/2/17ന് വിവിധസ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്ന് ക്രോഡീകരണം നടത്തി നൽകിയ കരട് പ്രൊപ്പോസലുകൾ ക്രോഡീകരിച്ച് ബജറ്റ് തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്.

എന്നാൽ ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെട്ടതിന്റെയും 2017- 2018 സാമ്പത്തിക വർഷത്തേക്ക് ഉണ്ടകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന് ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ സമർപ്പിച്ചതിന്റെയും രേഖകൾ ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. എല്ലാ ഘടകസ്ഥാപനങ്ങളുടെയും ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്തിയാണോ ബജറ്റ് തയ്യാറാക്കിയതെന്ന്

വിലയിരുത്താൻ കഴിഞ്ഞില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിക്കേണ്ടി വന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഹെഡ് ഓഫ് അക്കൌണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലയും-മറ്റ് വിളകൾ | 2501002 | 500000 | 2951277 |
| 2 | കാർഷിക വികസന പരിപാടികൾ | 2501009 | 0 | 36603 |
| 3 | മൃഗസംരക്ഷണം-പശു വളർത്തൽ | 2501031 | 900000 | 2105000 |
| 4 | മൃഗസംരക്ഷണം-മുട്ടക്കോഴി/താറാവ് വളർത്തൽ | 2501035 | 200000 | 360000 |
| 5 | മൃഗസംരക്ഷണം-ആട് വളർത്തൽ | 2501032 | 500000 | 3993000 |
| 6 | മൃഗസംരക്ഷണം- | 2501041 | 0 | 405000 |
| 7 | പോതു ആരോഗ്യ പരിപാടികൾ | 2512002 | 400000 | 570651 |

പഞ്ചായത്ത് രാജ് നിയമത്തിലെ 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ

യാഥാർത്ഥ്യം കണക്കിലെടുക്കാതെയാണ് ബജറ്റ് തയ്യാറാക്കിയാട്ടുള്ളത്.

| ക്രമ നം. | ഇനം | ഹെഡ് ഓഫ് അക്കൗണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | ആഡിറ്റോറിയം/ഹാൾ വാടക | 1301001 | 400000 | 388840 |
| 2 | മറ്റ് വാടക | 1308001 | 15000 | 3500 |
| 3 | പെർമിറ്റ് ഫീസ് | 1401201 | 250000 | 60210 |
| 4 | ഫാറം വില | 1501101 | 210000 | 452932 |

വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ്-ചെലവുകൾ കണക്കിലെടുത്തു ബജറ്റ് തയ്യാറാക്കുന്നുമെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 266-ാം വകുപ്പ്, 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഗ്രാമപ്പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം. എന്നാൽ രജിസ്ട്രേഷൻ ഇല്ലാതെ താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. കരിയർ ഗൈഡൻസ് & സൊല്യൂഷൻസ്,വിതുര

2. ഡ്രീമ്സ്,കൊപ്പം

3,HAZE-Tec Computer Education, ഹൈസ്കൂൾ ജംഗ്ഷൻ, വിതുര

ഇത് സംബന്ധിച്ച് കൊടുത്ത ഓഡിറ്റ് എൻക്വയറി നം.12,22 എന്നിവയ്ക്ക് നൽകിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്നും ആയവ രജിസ്റ്റർ ചെയ്യുന്നതിലുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാമെന്നും അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും രജിസ്ട്രേഷൻ ഇനത്തിൽ ലഭിക്കേണ്ട ഫീസ് ഈടാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 രജിസ്ട്രേഷൻ ഇല്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 270-ാം വകുപ്പ്, 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ഗ്രാമപ്പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കാൻ പാടില്ല.എന്നാൽ രജിസ്ട്രേഷൻ ഇല്ലാതെ താഴെ പറയുന്നസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം. | വാർഡ് നം. | സ്ഥാപനം |
|---|---|---|
| 1 | 3/6 | പ്രഭാത് ഹോമിയോ ഹോസ്പ്പിറ്റൽ |
| 2 | 5/189 | ആദിവാസി ചികിത്സാലയം |
| 3 | 5/278 | ആയുർവേദ ചികിത്സാ കേന്ദ്രം |
| 4 | - | ഹോളിസ്റ്റിക്ക് അക്യൂപങ്ചർ ഹീലിംഗ് സെന്റർ |

ഇത് സംബന്ധിച്ച് കൊടുത്ത ഓഡിറ്റ് എൻക്വയറി നം.12,22 എന്നിവയ്ക്ക് നൽകിയ മറിപടിയിൽ പ്രസ്തുത സ്ഥാപനങ്ങൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്നും ആയവ രജിസ്റ്റർ ചെയ്യുന്നതിലുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാമെന്നും അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 270എ, 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം8 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും, പ്രസ്തുത സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുകയും അല്ലാത്തപക്ഷം നിയമനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല.

വിതുര ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ക്രസന്റ് പബ്ലിക്ക് സ്കൂൾ14/598,14/599,14/600)

2.സെന്റ് ജോസഫ് വിദ്യാഭവൻ(17/634)

3.അനന്തകുമാരി എഡ്യൂക്കേഷനൽ സൊസൈറ്റി(4/583)

സഞ്ചയ പ്രകാരം വിതുര ഗ്രാമ പഞ്ചായത്തിൽ താഴെപറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതിയും അവിടെ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

1. റിവർ വ്യൂ എസ്റ്റേറ്റ്(6/233.6/235,236,238,240,241)

2.നൈസ് ബിൽഡിംഗ് (lodge)(10/475,477A,477B)

3.രോഹിണി റിസോർട്ട്, കലിംങ്ക് ജംഗ്ഷൻ , വിതുര

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി 25നുള്ള മറുപടിയിൽ ടി സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ഗ്രാമ പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ നാളിതുവരെയും രേഖപ്പെടുത്താത്തതിനാലാണ് നികുതി ഈടാക്കാത്തതെന്നും ഫീൽഡ് സ്റ്റാഫ് മുഖാന്തിരം റിപ്പോർട്ട് ലഭ്യമാക്കി തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഉൾക്കൊള്ളിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനിട്ട്സ് പരിശോധിച്ചതിൽ വിഭവസമഹരണത്തിന്റെ ചോർച്ച ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിന്ന് ഉണ്ടായിട്ടില്ല. ഫീൽഡ് റിപ്പോർട്ട് ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്നതാണ്. ആയത് കൃത്യതയോടെ തയ്യാറാക്കി വരവുകൾ പൂർണ്ണമായും ഉൾപ്പെടുത്താതിരുന്നാൽ വരുമാന ചോർച്ച സംഭവിക്കുന്നതാണ്. വിഭവസമഹരണം ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 വാടകയിനത്തിൽ കുടിശ്ശിക- ഈടാക്കാൻ നടപടി സ്വീകരിക്കുന്നില്ല

2017-18 AFS-ലെ (B15) പ്രകാരം Rent receivable from Buildings (Arrears) ഇനത്തിൽ 41722/- രൂപ ലഭിക്കാനുണ്ട്. Rent register-ൽ 2017-18 സാമ്പത്തിക വർഷത്തെ DCB തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വാടകയിനത്തിൽ കുടിശ്ശികയായ തുകയുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 22 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. മാത്രമല്ല 2017-18 AFS-ലെ (B15) പ്രകാരം Rent receivable from building(current) ഇനത്തിൽ 36263/- രൂപയാണ് കുടിശ്ശികയായിട്ടുള്ളത്. എന്നാൽ rent register പ്രകാരം 14400/- മാത്രമേ കുടിശ്ശിക ഉള്ളൂ. വാടകയിനത്തിൽ കുടിശ്ശികയായ തുകയുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 22 ന് വ്യക്തമായ മറുപടി നൽകിയില്ല. Rent register കൃത്യതയോടെ പരിപാലിക്കാത്തതിനാലാണ് ഇത്തരത്തിൽ കകുടിശ്ശികയിൽ വ്യത്യാസം വരുന്നത്.

Rent register പരിശോധിച്ചതിൽ Shopping Complex Before Market-ലെ കടമുറി നം.IV നിന്ന് 4800/- രൂപയും(400x12=4800/-), KSRTCവിശ്രമകേന്ദ്രത്തിലെ അവശേഷിക്കുന്ന സ്ഥലത്തെ കച്ചവടം നടത്തുന്നതിനുള്ള അവകാശമായി 9600/- രൂപയും(800x12=9600/-) 2017-18 വർഷത്തിൽ വാടക ഇനത്തിൽ ലഭിച്ചിട്ടില്ല.

പ്രസ്തുത കടമുറികളിൽ നിന്ന് വാടക ഈടാക്കത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് Shopping Complex Before Market-ലെ കടമുറി നം.IV-ന് ലേലം കൊണ്ട വ്യക്തി അടിസ്ഥാന സൗകര്യം ഇല്ലാത്തതിനാലാൽ സൗകര്യം ഒരുക്കിനൽകുന്നതിന് ആവശ്യപ്പെടുകയും ആയത് പൊളിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനാൽ സൗകര്യം ഒരുക്കിനൽകുന്നത് പാഴ് വേലയാകുമെന്നും വിശദീകരിച്ചിട്ടുണ്ട്. KSRTCവിശ്രമകേന്ദ്രത്തിലെ അവശേഷിക്കുന്ന സ്ഥലത്തെ കച്ചവടം നടത്തുന്നതിനായി ലേലത്തിലും പുനർലേലത്തിലും ആരും പങ്കെടുത്തില്ലെന്ന് അറിയിച്ചിരിക്കുന്നു.

വാടകയിനത്തിൽ കിട്ടാനുള്ള കുടിശ്ശിക ഈടാക്കുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 3,4 എന്നിവ പ്രകാരമുള്ള സത്വര നടപടി സ്വീകരിക്കുന്നതിനും വാടകയിനത്തിൽ വരുമാന ചോർച്ച ഇല്ലാതാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 ടെണ്ടർ ഫോം വില ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2017-18 വർഷം ഇ-ടെണ്ടർ ചെയ്ത 36 പ്രവൃത്തികളുടെ ടെണ്ടർ ഫോം വില 168560/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഇതുസംബന്ധിച്ച ഓഡിററ് എൻക്വയറി 1 -ന് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് കത്ത് നൽകി ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ പദ്ധതി - ഗുണമേന്മാ പരിശോധന കാര്യക്ഷമമല്ല

| | |
|---|---|
| പദ്ധതി | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ |
| പദ്ധതി നമ്പർ | SO 283/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1000000/-രൂപ |
| ചെലവ് | 813825/-രൂപ |

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ നടപ്പിലാക്കിയ പദ്ധതിക്കായി ഇ-ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചു. ഉഷ ഇലക്ട്രിക്കൽ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ആണ് അംഗീകരിച്ചത്. ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ ലഭ്യമാക്കിയ സാമ്പിളുകൾ പഞ്ചായത്തിൽ എത്തിച്ച് പ്രകാശിപ്പിച്ചാണ് പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റുകളുടെ ഗുണമേന്മ പരിശോധിച്ചത്. എന്നാൽ ആധുനിക സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഇത്തരം ഉപകരണങ്ങളുടെ ഗുണമേന്മ സ്വന്തം നിലയ്ക്ക് പരിശോധിക്കാൻ പഞ്ചായത്തിന് സൗകര്യങ്ങളില്ല എന്നിരിക്കെ ഗവ. എഞ്ചിനിയറിംഗ് കോളേജ് - തിരുവനന്തപുരം, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തുടങ്ങിയ അംഗീകൃത പരിശോധനാ കേന്ദ്രങ്ങളിൽ നിന്നുള്ള എൽ.ഇ.ഡി ലൈറ്റുകളുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗുണമേന്മ താരതമ്യം ചെയ്യേണ്ടിയിരുന്നത്. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 28 നുള്ള മറുപടിയിൽ പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവ് വിളക്കുകൾ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെന്നും വരും വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമെന്നും

അറിയിച്ചു.

ഈ പദ്ധതിയെ സംബന്ധിച്ച് പ്രൊക്വയർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി 28 ന് മറുപടിയായി പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ ചർച്ചകൾക്കും തീരുമാനങ്ങൾക്കും വിധേയമായാണ് പദ്ധതി നടപ്പിലാക്കിയതെന്ന് വിശദീകരണം ലഭിച്ചു. പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ യോഗങ്ങളുടേയും തീരുമാനങ്ങളുടേയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്ക് പരിപാലനം - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ട തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. 2017-18 സാമ്പത്തിക വർഷം തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെങ്കിലും തെരുവ് വിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിരുന്നില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി 29 ന് മറുപടിയായി കരാറുകാരൻ തന്നെ സാധനം വാങ്ങി അറ്റകുറ്റപ്പണി നടത്തുന്ന രീതിയിൽ തെരുവ് വിളക്ക് പരിപാലന പദ്ധതി ആവിഷ്കരിച്ചത്കൊണ്ടാണ് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കാതിരുന്നതെന്ന് വിശദീകരണം ലഭിച്ചു. കാര്യക്ഷമമായ തെരുവ് വിളക്ക് പരിപാലനത്തിനായി അടോട്ട് മോഡൽ പിൻതുടരാൻ പഞ്ചായത്ത് ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും ഇതിന്റെ ഭാഗമായി സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

2. കേടായ സാധനങ്ങളുടെ വിവരം അതാത് ദിവസം രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കണം. ഈ രജിസ്റ്റർ പഞ്ചായത്തിൽ നിലവിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കാലികമാക്കി പരിപാലിക്കുന്നില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി 29 ന് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് വിശദീകരണം ലഭിച്ചു.

മേൽപ്പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-3 പഞ്ചായത്തിലേക്ക് സോഫ്റ്റ്‌വെയർ വാങ്ങിയതിൽ അപാകങ്ങൾ

| | |
|---|---|
| പദ്ധതി | വിതുര പഞ്ചായത്ത് ആഫീസിന് ആവശ്യമായ സോഫ്റ്റ്‌വെയർ വാങ്ങൽ |
| പദ്ധതി നമ്പർ | SO 350/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 89000/-രൂപ |
| ചെലവ് | 61600/-രൂപ |

സെക്രട്ടറി നിർവഹിച്ച ഈ പദ്ധതി പ്രകാരം പഞ്ചായത്തിലെ കമ്പ്യൂട്ടറുകൾക്കായി വിൻഡോസ് സെർവ്വർ 2012, 16 കമ്പ്യൂട്ടറുകൾക്ക് ആന്റി വൈറസ് എന്നിവ വാങ്ങി. ഈ പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ അഡ്കോം സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. എന്നാൽ ആന്റി വൈറസ് സോഫ്റ്റ്‌വെയറിന്റെ വില, ആകെ വില എന്നിവ കണക്കാക്കുമ്പോൾ

ഏറ്റവും കുറവ് ക്വോട്ട് ചെയ്തിരിക്കുന്നത് ട്രൈയാഡ് മൈക്രോസിസ്റ്റംസ് എന്ന സ്ഥാപനമാണ്.

| സോഫ്റ്റ്‌വെയർ | അഡ്കോം സിസ്റ്റംസ് ക്വോട്ട് ചെയ്ത വില | ട്രൈയാഡ് മൈക്രോസിസ്റ്റംസ് ക്വോട്ട് ചെയ്ത വില |
|---|---|---|
| വിൻഡോസ് സെർവ്വർ 2012 | 54000 | 54420 |
| ആന്റിവൈറസ് (16 എണ്ണം) | 7600 | (16 x 325) = 5200 |
| ആകെ | 61600 | 59620 |

ഇത്തരത്തിൽ 1980/- രൂപ അധികം നൽകി സോഫ്റ്റ്‌വെയർ വാങ്ങാനുണ്ടായ സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 27 ന് മറുപടിയായി അഡ്കോം സിസ്റ്റംസ് നൽകിയ ആന്റി വൈറസ് (ക്വിക് ഹീൽ ആന്റിവൈറസ്) മാത്രമാണ് ഐ.കെ.എം സോഫ്റ്റ്‌വെയറുകൾ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകൾ സപ്പോർട്ട് ചെയ്യുന്നത് എന്നത്കൊണ്ടാണ് ഇത്തരത്തിൽ സോഫ്റ്റ്‌വെയർ വാങ്ങിയതെന്ന് വിശദീകരണം നൽകി. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ ദർഘാസ് പരസ്യത്തിൽ ഐ.കെ.എം ഏതുതരം ആന്റിവൈറസ് ആണ് വേണ്ടത് എന്ന് സൂചിപ്പിച്ചിരുന്നില്ല. ഇത് ക്വോട്ടേഷനുകളിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്ക് ഏത് തരം സോഫ്റ്റ്‌വെയറാണ് സപ്ലൈ ചെയ്യേണ്ടതെന്ന കാര്യത്തിൽ വ്യക്തത ലഭിക്കുന്നില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾക്കായി ക്വൊട്ടേഷൻ ക്ഷണിക്കുമ്പോൾ ഐ.കെ.എമ്മിന്റെ നിർദ്ദേശമനുസരിച്ചുള്ള കൃത്യമായ സ്പെസിഫിക്കേഷൻ പരസ്യപ്പെടുത്തേണ്ടതാണ്.

2. പ്രൊക്വയർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ പവർ സി.എം.എസ് ടെക്നോളജി എന്ന സ്ഥാപനത്തിൽ നിന്നും ഉയർന്ന വിലയിൽ സോഫ്റ്റ്‌വെയർ വാങ്ങാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല, വിവിധ ക്വോട്ടേഷനുകൾ താരതമ്യം ചെയ്തതായും കാണുന്നില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി 27 ന് മറുപടിയായി പ്രൊക്വയർമെന്റ് കമ്മിറ്റി മേൽപ്പറഞ്ഞ തീരുമാനമെടുത്തെങ്കിലും ബ്ലോക്ക് ടെക്നിക്കൽ സ്റ്റാഫിന്റെയും, പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിന്റെയും നേതൃത്വത്തിൽ നടന്ന സാങ്കേതിക പരിശോധനയ്ക്ക് ശേഷമാണ് അഡ്കോം സിസ്റ്റംസിനെ തെരഞ്ഞെടുത്തത് എന്ന് മറുപടി നൽകി. എന്നാൽ, എന്ത് മാനദണ്ഡം അനുസരിച്ചാണ് പ്രൊക്വയർമെന്റ് കമ്മിറ്റി ആദ്യം പവർ സി.എം.എസ് എന്ന സ്ഥാപനത്തിനെ ആദ്യം തെരഞ്ഞെടുത്തതെന്ന് വ്യക്തമല്ല. പ്രൊക്വയർമെന്റ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിക്കാത്തത് മൂലമാണ് ഇത്തരത്തിൽ സംഭവിച്ചത്. പഞ്ചായത്തിലേക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പ് വരുത്തേണ്ടതാണ്.

## 3-4 പൊന്നാംചുണ്ട് കുടുംബശ്രീ നഗർ ഓഡിറ്റോറിയം നവീകരണം-സർവീസ് ടാക്സ് ഉൾപ്പെടെയുള്ള അധികതുക കരാറുകാരന് പ്രവൃത്തിക്കായി നൽകി 54109/-രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ- | 211/17<br>81/18 |
| പേര് | പൊന്നാംചുണ്ട് കുടുംബശ്രീ നഗർ ഓഡിറ്റോറിയം നവീകരണം- |
| അടങ്കൽ | 956050 |
| ചെലവ് | 947552 |
| ബിൽ നമ്പർ | 1. 23/ 31/8/17(168427)<br>2. 9/ 29/8/17(700000)<br>3. 39/ 10.1.18(79125) |
| ഫണ്ട് | ധനകാര്യകമ്മിഷൻ അവാർഡ്(247552)<br>ലോക ബാങ്ക് സഹായം(700000) |
| എം.ബുക്ക് നമ്പർ | 393/16-17 |
| T.S നമ്പർ | 56680 |
| കരാറുകാരൻ | സി. കുമാരൻ |
| നിർവഹണം | അസി. എഞ്ചിനീയർ |
| ഓഡിറ്റ് എൻക്വയറി | 17 |

മേൽ ഫയൽ പരിശോധിച്ചതിൽ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം സർവീസ് ടാക്സ് 54109/- രൂപ ഉൾപ്പെടെ 956050/- ആയിരുന്ന അടങ്കൽ തുക.എന്നാൽ ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ ക്വോട്ട് ചെയ്തതും അംഗീകരിച്ചതുമായ തുക ടി സർവീസ് ടാക്സ് ഉൾപ്പെടെയുള്ള 947548/- ആണ്. അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും മേൽ ബിൽ നമ്പറുകൾ പ്രകാരം 947552/-(ഇതിൽ VAT-34737,IT-9475/-kcwwf-9475 എന്നിവയും ഉൾപ്പെടുന്നു)കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ പ്രത്യേക കമ്പോണന്റ് ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സർവീസ് ടാക്സ് ഉൾപ്പെടെയുള്ള തുകയിൽ നിന്ന് സർവീസ് ടാക്സ് പിടിച്ച് അടവാക്കിയിട്ടില്ല. അപാകം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് നൽകിയ മറുപടിയിൽ സർവീസ് ടാക്സ് ആയി ഉൾപ്പെടുത്തിയ തുക തിരികെ ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.അധികച്ചെലവായ 54109/- രൂപ നിരാകരിക്കുന്നു.

## 3-5 കരാർ വ്യവസ്ഥ യിലെ സമയക്രമം പാലിച്ചില്ല- പിഴ ഈടാക്കിയിട്ടില്ല.16622/- രൂപ നിരാകരിക്കുന്നു

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതിയിൽ കരാർ വ്യവസ്ഥ യിലെ സമയക്രമം പാലിക്കാത്തതിന് നിയമപ്രകാരം(G.O.(p)13/2012/PWD/1.02.2012മുഖേന പുതുക്കിയ 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ ഖ .2112-1) ഈടാക്കേണ്ടതായ പിഴ ഈടാക്കിയിട്ടില്ല.പ്രവൃത്തി കരാർ പ്രകാരം പൂർത്തിയാക്കാൻകഴിയാത്തതിന്റെ കാരണവും സാധൂകരിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ/പേര് | കരാറുകാരൻ | അടങ്കൽ/ചെലവ് /കരാർ തുക | ഫണ്ട്/ ബിൽനമ്പർ | എഗ്രിമെന്റ് & സൈറ്റ് ഏറ്റെടുത്ത തീയതി | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി (എം.ബുക്ക്/ ഫയൽ പ്രകാരം) | ഈടാക്കേണ്ടതായ പിഴ (ആദ്യ3 മാസത്തിന് കരാർ തുകയുടെ 1% വും തുടർന്നുള്ള 3 മാസത്തിന് 2%വും) |
|---|---|---|---|---|---|---|---|
| 1) SO 59/18<br>മുളക്കോട്ടുകര | എൻ. ജയകുമാർ | 700000<br>454521 | മെയിന്റനൻസ് ഫണ്ട്<br>3/18 | 71/AE/LSGD /VTRA/17-18 dt 17.2.17 | 17.06.17 (4 മാസം) | 26.02.18 | 5540+<br>11082=16622 |

| | | | | | | | |
|---|---|---|---|---|---|---|---|
| അംഗൻവാടി ഷീറ്റ് റൂഫ് നിർമ്മാണം | | കരാർ തുക-554076 | | | | | |

അപാകം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരന്റേതല്ലാത്ത കാരണം കൊണ്ടുണ്ടായ കാലതാമസം ആയതിനാലാണ് പിഴ ഈടാക്കാതിരുന്നതെന്ന് മറുപടി നൽകി.എന്നാൽ കാലതാമസം സംബന്ധിച്ച് കരാറുകാരന്റെ ഭാഗത്തു നിന്ന് അപേക്ഷയോ ആയത് നിയമാനുസൃതം സാധൂകരിക്കുന്ന മറ്റ് രേഖകളോ ഫയലിൽ ലഭ്യമല്ല.ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.പിഴ തുകയായ 16622/- രൂപ ഈടാക്കേണ്ടതിനുള്ള ഉത്തരവാദിത്തം നിർവഹണ ഉദ്യേഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്.

## 3-6 മരാമത്തുപണികൾ-കരാർ ചമക്കുന്നതിലെ കാലതാമസം-പിഴ 8375/-ഈടാക്കേണ്ടതാണ്

2017-18ൽ അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്തു പ്രവൃത്തികളിൽ താഴെ കൊടുത്തിരിക്കുന്ന വിശദാംശങ്ങൾ പ്രകാരമുള്ള പ്രവൃത്തികളിൽ 2012ലെ കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ഖണ്ഡിക 2009-6ൽ നിഷ്കർഷിച്ചിട്ടുള്ളതിൻപ്രകാരം സെലക്ഷൻ നോട്ടീസ് അയച്ചതിനു ശേഷം കരാർ ചമക്കുന്നതിന് കാലതാമസം വരുത്തിയതിന് ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രവൃത്തിയുടെപേര് | കരാർതുക | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | പിഴ കൂടാതെ കരാർചമക്കേണ്ട തീയതി | കരാർ ചമച്ച തീയതി | കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|---|---|---|---|
| 1. | 306/17-18 കൊപ്പം നെല്ലിക്കുന്ന്റോഡ് കോൺക്രീറ്റ് | 150000 | 19.10.17 | 2.11.17 | 04.11.17 | രജി.ടി | 1500 | 95/21.3.18 |
| 2. | 133/17-18 നെല്ലിക്കുന്ന് ഇറയൻകോട് തടം കോൺക്രീറ്റ് | 458179 | 19.10.17 | 2.11.17 | 4.11.17 | സി.കുമാരൻ | 4581 | 77/5.3.18 |
| 3. | 128/17-18 ചേന്നാൻപാറ ചാരുവിള റോഡ്കോൺക്രീറ്റ് | 229470 | 12.12.17 | 26.12.17 | 3.2.18 | സജു.കെ | 2294 | 107/26.3.18 |

എന്നാൽ പൊതുമരാമത്തു ചട്ടങ്ങൾ 2012 സെക്ഷൻ 2009(6) പ്രകാരം കരാറുകാരനെ തെരഞ്ഞെടുത്ത് സെലക്ഷൻ നോട്ടീസ് അയച്ച തീയതി മുതൽ കണക്കിലെടുക്കുമ്പോൾ 14 ദിവസത്തിനു ശേഷം കരാർ തുകയുടെ 1 % പിഴ ഈടാക്കേണ്ടതാണ്.

ഇപ്രകാരം കാലതാമസം വരുത്തി കരാർ ചമച്ചതിൽ ഈടാക്കേണ്ടതായ പിഴ കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കാത്തതിന്റെ കാരണം വിശദീകരിക്കുന്നതിന് നൽകിയ എൻക്വയറി 31 ന് കരാറുകാരൻ നേരിട്ട് നോട്ടീസ് കൈപ്പറ്റുകയായിരുന്നെന്നും ആയതിനാലാണ് കരാർ ചമക്കാൻ താമസിച്ചതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ പൊതുമരാമത്തു ചട്ടങ്ങൾ 2012 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ മറുപടി അംഗീകരിക്കാൻകഴിയുകയില്ല.ആകെ പിഴതുകയായ 8375/- രൂപ ഈടാക്കേണ്ട ഉത്തരവാദിത്തം നിർവഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

## 3-7 പ്രോജക്ട് ഫോറത്തിൽ ആസ്തി യുണീക്ക് നമ്പർ രേഖപ്പെടുത്താതെ പ്രോജക്ടുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നു

2017-18ൽ മരാമത്ത് പ്രവൃത്തികൾ നിർവഹിക്കപ്പെട്ട പ്രോജക്ട് ഫോറത്തിൽനിലവിലുള്ള ആസ്തിയിൽ ഉൾപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള റോഡുകൾക്ക് പ്രോജക്ട് ഫോറത്തിൽ ആസ്തി രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയ ആസ്തി യൂണീക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.പ്രോജക്ട് അംഗീകാരത്തിനായി സമർപ്പിക്കമ്പോൾ അവശ്യം രേഖപ്പെടുത്തേണ്ടതായആസ്തി സംബന്ധിച്ച വിവരങ്ങൾ(പ്രോജക്ട് ഫോറം ഖ 32,35,36)ഉൾപ്പെടുത്താതെയാണ് അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കിയിട്ടുള്ളത്.

ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | റോഡിന്റെ പേര് | നീളം (മീറ്റർ) |
|---|---|---|
| SO 128/18 | ചേന്നാൻ പാറ ചാരുവിള റോഡ് | 870 |
| SO 330/18 | കരിമ്പനടി നടപ്പാത റോഡ് | 110 |
| SO 174/18 | മരുതാമല അവാർഡ് ഗ്രാമം റോഡ് | 350 |
| SO 310/18 | നെല്ലിക്കുന്ന് ഹാജിയാർ റോഡ് | 200 |
| 323/18 | മുളക്കാട്ട്കര കട്ടക്കാൽ റോഡ് | 100 |

പ്രസ്തുത റോഡുകളുടെ ആസ്തി യുണീക്ക് നമ്പർ വിവരങ്ങൾഉൾപ്പെടുത്താത്തതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 13 ന് മറുപടിയായി ആസ്തി നമ്പർ ലഭ്യമാക്കി, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രോജക്ട് ഫോറത്തിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. ഫലത്തിൽ നിലവിലുള്ളതും മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതുമായ റോഡ്/ റോഡിതര ആസ്തികൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതാണെന്ന ഉറപ്പ് വരുത്താതെയും പ്രോജക്ട് ഫോറത്തിൽ ആസ്തി രജിസ്റ്ററിലെ സാക്ഷ്യപ്പെടുത്തിയ രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്താതെയുമാണ് പ്രവൃത്തി അംഗീകാരം നേടി പൂർത്തിയാക്കുന്നത്.ജി.ഒ എം എസ് 72/2017- പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖ ഖ.13.6 മരാമത്തു പ്രവൃത്തികൾ നടത്തുമ്പോൾ റോഡ്,റോഡിതര ആസ്തികളുടെ സംരക്ഷണത്തിന്പ്രത്യേക ആസ്തി സംരക്ഷണ സമിതി തയ്യാറാക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്.നിലവിലുള്ള ആസ്തികൾ എല്ലാം തന്നെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിമരാമത്ത് പ്രവൃത്തികൾ അംഗീകാരത്തിന് നൽകുമ്പോൾ അവശ്യം രേഖപ്പെടുത്തേണ്ടതായആസ്തി സംബന്ധിച്ച വിവരങ്ങൾ(പ്രോജക്ട് ഫോറം ഖ 32,35,36)ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കേണ്ടതും പഞ്ചായത്തിന്റെ ആസ്തികൾക്കു വേണ്ടി ത്തന്നെയാണ്ഫണ്ട് ചെലവാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-8 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

പേര് - വീടുകൾ ഹരിതഭവനം

നം. - S371/18

അടങ്കൽ തുക - വികസനഫണ്ട് 220000

ചെലവ് തുക -ബിൽ നം. 15/12.3.18- 220000

നിർവഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

15 സെന്റിൽ കുറയാതെ കൃഷിയുള്ള കർഷകന് കൃഷി അനുബന്ധ മേഖലകൾ എന്നിവയിൽ താൽപര്യം

ഉള്ളവ സംയോജിപ്പിച്ച് മാതൃകാപരമായി കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം എന്ന നിലയ്ക്ക് ഒരു യൂണിറ്റിന് 10000/-രൂപ ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതി ജി.ഒ (പി) 220/97/lsgd. Dated 2.10.97, G.O(p) 181/98/lsgd dated 2.9.1998എന്നിവ പ്രകാരം അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത് എന്നിരിക്കെ ഗ്രാമസഭ തെരഞ്ഞെടുക്കാത്ത 22 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു.

31.01.18 തീയതിയിലെ ജനറൽ കമ്മിറ്റി മിനിട്സ് തീരുമാനം 1(5)ൽ ഹരിതഭവനം പദ്ധതിക്കായി പുതിയതായി ഗ്രാമസഭകൾ ചേർന്ന് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നത് പ്രായോഗികമല്ലായെന്നും ഇത് പദ്ധതി നിർവ്വഹണത്തിൽ വളരെയധികം കാലതാമസം വരുത്തുന്നതിനാൽ സർവേ നടത്തി സമർപ്പിച്ച ലിസ്റ്റ് അംഗീകരിക്കുന്നതിനും അടുത്ത ഗ്രാമസഭയിൽ വച്ച് പ്രസ്തുത ഗുണഭോകതൃലിസ്റ്റിന് സാധൂകരണം വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ മേൽ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് എൻക്വയറി 19-ന് പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പോടുകൂടിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിരിക്കുന്നത്. 04.04.1997ലെ O.P NO. 18175/1996-ന്റെ വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന സംഗതിയിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന അധികാരസ്ഥാനങ്ങളല്ലായെന്നും അംഗീകരിക്കുന്നതിനുള്ള അധികാരസ്ഥാനങ്ങൾ മാത്രമാണെന്നും വിധിച്ചിട്ടുണ്ട്. കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ, കോടതി ഉത്തരവുകൾ എന്നിവ പാലിച്ച് മാത്രം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും അർഹമായ കരങ്ങളിലാണ് ആനുകൂല്യം എത്തുന്നതെന്നുറപ്പ് വരുത്തുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 3-9 ചെലവ് തുകകൾ-എകസ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല

കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുക താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് എകസ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. 24<br>പേര്-തെങ്ങിൻതോപ്പിൽ ഇടവിളകൃഷി(വനിത)<br>അടങ്കൽതുക-ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്)11134<br>ഗുണഭോക്തൃവിഹിതം (നേരിട്ട്ചെലവഴിക്കുന്നത്)19045<br>ആകെ - 30179<br>ചെലവ് തുക- 11134(ഗുണഭോക്തൃവിഹിതം)<br>കൃഷിവിജ്ഞാൻ കേന്ദ്ര, വെള്ളനാടിന്റെ 30.5.17ലെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്(ചെക്ക് നം. ലഭ്യമല്ല) | പ്രോജക്റ്റ് നം. 26<br>പേര്-ജൈവപച്ചക്കറികൃഷി (വനിത)<br>അടങ്കൽ തുക-ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്)6688<br>ഗുണഭോക്തൃവിഹിതം (നേരിട്ട്ചെലവഴിക്കുന്നത്) 140800<br>വികസനഫണ്ട് 2862<br>ആകെ- 150350<br>ചെലവ് തുക- 6802(ഗുണഭോക്തൃവിഹിതം)<br>കൃഷിവിജ്ഞാൻ കേന്ദ്ര, വെള്ളനാടിന്റെ 30.5.17ലെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട് (ചെക്ക് നം. ലഭ്യമല്ല) |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.20 ന് 2017-18 ന്റെ തുടക്കത്തിൽ സോഫ്റ്റ് വെയറുകളിൽ ഉണ്ടായ സാങ്കേതിക തകരാർ കാരണമാണ് സുലേഖ സോഫ്റ്റ് വെയറിൽ ചെലവുകൾ രേഖപ്പെടുത്തൽ

വരാത്തതെന്നും ആയത് ഐ.കെ.എംന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിരമായി പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-10 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് ടി),വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് സി) - അപാകങ്ങൾ

| | |
|---|---|
| **എ)**<br>പദ്ധതി | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് ടി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 355000/- രൂപ |
| ചെലവ് | 354891/-രൂപ |
| ബിൽ നമ്പർ, തീയതി, തുക | 1. 12, 12.01.2018, 276893/- രൂപ<br>2. 14, 14.01.2018, 77998/- രൂപ |
| **ബി)**<br>പദ്ധതി | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് സി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 210000/-രൂപ |
| ചെലവ് | 206693/- രൂപ |
| ബിൽ നമ്പർ, തീയതി, തുക | 1. 11, 12.01.2018, 163796/- രൂപ<br>2. 15, 14.01.2018, 42897/- രൂപ |

1. ടെൻഡർ പരസ്യം നമ്പർ എ2 – 1089/17 dtd 20.07.2017 പ്രകാരം ടെൻഡർ സ്പെസിഫിക്കേഷനിൽ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് ടി), വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് സി) എന്നീ പദ്ധതികൾക്ക് ആവശ്യമായത് തടി/മെറ്റൽ കൊണ്ടുള്ള കട്ടിൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 23.08.2017 ലെ പ്രൊക്യൂവർമെന്റ് കമ്മിറ്റി തടി കൊണ്ട് നിർമ്മിച്ച കട്ടിൽ വാങ്ങുന്നതാണ് ഉചിതം എന്ന് തീരുമാനിച്ചു. മെറ്റൽ കൊണ്ടുള്ള കട്ടിലിനെ ഒഴിവാക്കിയ പ്രൊക്യൂവർമെന്റ് കമ്മിറ്റി തീരുമാനം ടെൻഡർ സ്പെസിഫിക്കേഷന് വിരുദ്ധമാണ്.

2. 3900/- രൂപ ക്വാട്ട് ചെയ്ത ശ്രീ സജുവിൽ നിന്നാണ് കട്ടിൽ വാങ്ങിയത്.എന്നാൽ അതിൽ കുറഞ്ഞ തുകകൾ ക്വാട്ട് ചെയ്തവരെ ഒഴിവാക്കിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്വാട്ട് ചെയ്ത തുക | സ്ഥാപനം |
|---|---|---|
| 1 | 2845/- രൂപ | ടൈടെക് ട്രേഡേഴ്സ് |
| 2 | 3400/- രൂപ | ചെമ്പകമംഗലം ഫർണിച്ചർ മാർട്ട് |
| 3 | 3810/- രൂപ | തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് |

3. 23.08.2017 ലെ പ്രൊക്യൂവർമെന്റ് കമ്മിറ്റി യോഗം സാമ്പിൾ ഹാജരാക്കാൻ ടൈടെക് ട്രേഡേഴ്സ്, ശ്രീ സജു, ചെമ്പകമംഗലം ഫർണിച്ചർ മാർട്ട് എന്നിവരോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. ഇതിൽ 3810/- രൂപ ക്വാട്ട് ചെയ്ത തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് നെ ഒഴിവാക്കുകയും 3900/- രൂപ ക്വാട്ട് ചെയ്ത ശ്രീ സജുവിനെ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

4. മേൽ തീരുമാനപ്രകാരം സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്റെയോ സാമ്പിൾ ഹാജരാക്കിയതിന്റെയോ അവ പരിശോധിച്ചതിന്റെയോ രേഖകളോ പ്രൊക്യൂവർമെന്റ് കമ്മിറ്റി തീരുമാനമോ ലഭ്യമല്ല.

5. 25.08.2017 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം I(2) പ്രകാരം, പ്രൊക്യൂവർമെന്റ് കമ്മിറ്റി പരിശോധന നടത്തി ഗുണനിലവാരം ബോദ്ധ്യപ്പെട്ട ശ്രീ സജു എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കാൻ തീരുമാനിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രൊക്യൂവർമെന്റ് കമ്മിറ്റി പരിശോധന നടത്തി ഗുണനിലവാരം

ബോദ്ധ്യപ്പെട്ടു എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല. കൂടാതെ ബന്ധപ്പെട്ട സ്ഥാപനങ്ങളോട് സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെടാൻ തീരുമാനിച്ച 23.08.2017 ലെ പ്രൊക്യുവർമെന്റ് കമ്മിറ്റി യോഗത്തിനു ശേഷം പ്രൊക്യുവർമെന്റ് കമ്മിറ്റി യോഗം നടന്നത് 23.02.2018 നാണ് എന്ന് പ്രൊക്യുവർമെന്റ് കമ്മിറ്റി മിനിറ്റ്സ് വ്യക്തമാക്കുന്നു.

6. തടിയുടെ ഗുണനിലവാര പരിശോധന നടത്താൻ ഉത്തരവാദിത്വവും അർഹതയും ഉള്ളത് വനം വകുപ്പിന് ആണെന്നിരിക്കെ, പ്രൊക്യുവർമെന്റ് കമ്മിറ്റി പരിശോധന നടത്തി ഗുണനിലവാരം ബോദ്ധ്യപ്പെട്ടു എന്നതുകൊണ്ട് ശ്രീ സജു എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കാൻ 25.08.2017 ലെ പഞ്ചായത്ത് കമ്മിറ്റി (തീരുമാനം I(2) പ്രകാരം) തീരുമാനിച്ചിരിക്കുന്നു.

7. 19.06.2017 ൽ ഡിപിസി അംഗീകാരം ലഭിച്ച വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് ടി), 21.06.2017ൽ ഡി പി സി അംഗീകാരം ലഭിച്ച വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ്.സി) എന്നീ പദ്ധതികളിൽ നാല് മോണിറ്ററിംഗ് ഘട്ടങ്ങളും നാല് മോണിറ്ററിംഗ് ഘടകങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുതത പദ്ധതികൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്യുകയോ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

8. തെരഞ്ഞെടുത്ത സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തിയതിന് രേഖകളില്ല.

9. വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് ടി), വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ (എസ് സി) എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് ശ്രീ സജു എന്ന വ്യക്തിയുമായി 10.11.2017 ൽ രേഖപ്പെടുത്തിയ കരാർ പൊതുമരാമത്തുമായി ബന്ധപ്പെട്ട കരാറാണ്. കട്ടിൽ നിർമ്മാണം, വിതരണം എന്നിവയുമായി ബന്ധപ്പെട്ടതല്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഇത്തരം അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-11 പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നല്കൽ - അപാകങ്ങൾ

| | |
|---|---|
| (എ)<br>പദ്ധതി | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നല്കൽ |
| പദ്ധതി നമ്പർ | SO 170/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 450000/-രൂപ |
| ചെലവ് | 431800/-രൂപ |
| ബിൽ നമ്പർ, തീയതി, തുക | 1. 9, 31.10.2017, 381000/- രൂപ<br>2. 16, 20.03.2018, 50800/- രൂപ |
| (ബി)<br>പദ്ധതി | പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നല്കൽ |
| | SO 171/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 450000/-രൂപ |
| ചെലവ് | 431800/-രൂപ |
| ബിൽ നമ്പർ, തീയതി, തുക | 1. 10, 31.10.2017, 381000/- രൂപ<br>2. 17, 20.03.2018, 50800/- രൂപ |

1. ടെൻഡർ പരസ്യം നമ്പർ എ2 – 1089/17 dtd 20.07.2017 പ്രകാരം ലഭിച്ച ടെൻഡറുകളിൽ നിന്ന് ഫ്യൂച്ചർ ടെക് എന്ന സ്ഥാപനത്തിന്റെ 25400/- രൂപയുള്ള ലെനോവ ലാപ് ടോപ് ആണ് തെരഞ്ഞെടുത്തിരിക്കുന്നത്. എന്നാൽ അതിൽ കുറഞ്ഞ തുകകൾ ക്വാട്ട് ചെയ്തവരെ ഒഴിവാക്കിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്വാട്ട് ചെയ്ത തുക | സ്ഥാപനം |
|---|---|---|
| 1 | 24185/- രൂപ | ഫ്യൂച്ചർ ടെക് |
| 2 | 25035/- രൂപ | ഫ്യൂച്ചർ ടെക് |
| 3 | 25100/- രൂപ | ഫ്യൂച്ചർ ടെക് |
| 4 | 23600/- രൂപ | ട്രയാഡ് മൈക്രോ സിസ്റ്റംസ് |
| 5 | 23980/- രൂപ | പവർ സി എം എസ് ടെക്നോളജി |

2. 23.08.2017 ലെ പ്രൊക്യൂവർമെന്റ് കമ്മിറ്റി യോഗം ആഡ്കോം സിസ്റ്റംസ്, ഫ്യൂച്ചർ ടെക് എന്നിവയുടെ ടെൻഡർ നിരക്കും സ്പെസിഫിക്കേഷനും പരിശോധിച്ച് ഫ്യൂച്ചർ ടെകിന്റെ ടെൻഡർ വാങ്ങാൻ തീരുമാനിച്ചു. എന്നാൽ സമാനമായ സ്പെസിഫിക്കേഷനിൽ ഇതിലും കുറഞ്ഞ നിരക്കിൽ ടെൻഡർ സമർപ്പിച്ച സ്ഥാപനങ്ങളെ ഒഴിവാക്കിയിരിക്കുന്നു.

3. സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്റെയോ സാമ്പിൾ ഹാജരാക്കിയതിന്റെയോ അവ പരിശോധിച്ചതിന്റെയോ രേഖകളോ പ്രൊക്യൂവർമെന്റ് കമ്മിറ്റി തീരുമാനമോ ലഭ്യമല്ല.

4. തെരഞ്ഞെടുത്ത സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തിയതിന് രേഖകളില്ല.

5. മൂന്ന് വർഷത്തെ വാറണ്ടിയാണ് സ്പെസിഫിക്കേഷനിൽ പറഞ്ഞിട്ടുള്ളത്. അതിൻപ്രകാരം മൂന്ന് വർഷത്തെ വാറണ്ടി ലഭ്യമാക്കും എന്ന് 27.03.2018 ൽ ഫ്യൂച്ചർ ടെക് എന്ന സ്ഥാപനവുമായി ചമച്ച കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ27.03.2018 ൽ ഫ്യൂച്ചർ ടെക് എന്ന സ്ഥാപനവുമായി ചമച്ച കരാറിലെ ഖണ്ഡിക 11 ൽ 12 മാസത്തെ ഗ്യാരണ്ടി മാത്രമാണ് ഉള്ളത്.

പദ്ധതികൾ മാർഗരേഖയും മറ്റ് സർക്കാർ ഉത്തരവുകളും പാലിച്ച് നിർവ്വഹിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഭവന പുനരുദ്ധാരണം (എസ് സി പി) - അപാകങ്ങൾ

| | |
|---|---|
| പദ്ധതി | ഭവന പുനരുദ്ധാരണം (എസ് സി പി) |
| പദ്ധതി നമ്പർ | SO 357/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |

| | |
|---|---|
| അടങ്കൽ | 24,00,000/-രൂപ |
| ചെലവ് | 23,25,000/-രൂപ |
| ബിൽ നമ്പർ, തീയതി, തുക | 1. 5, 22.01.2018, 675,000/- രൂപ<br>2. 9, 29.01.2018, 225,000/- രൂപ<br>3.12, 14.12.2018, 300,000/- രൂപ<br>4.15, 14.12.2018, 150,000/-രൂപ<br>5.18, 22.01.2018, 225,000/-രൂപ<br>6..19, 27.02.2018, 225,000/-രൂപ<br>7.22, 08.03.2018, 375,000/-രൂപ<br>8.24, 13.03.2018, 75,000/-രൂപ<br>9. 25,14.03.2018, 75,000/-രൂപ |

1. 03.04.2017 ലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 80/2017 ത സ്വ ഭ വ പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട നിബന്ധനകളിലെ ചുവടെ പറയുന്ന കാര്യങ്ങൾ പാലിച്ചിട്ടില്ല.

a.വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കാൻ വേണ്ടി മാത്രം ആണ് പദ്ധതി നടപ്പാക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കളുടേത് വാസയോഗ്യമല്ലാത്ത് വീടായിരുന്നെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

b.വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക കൈമാറി.

c.എൽ എസ് ജി ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമല്ല സബ്സിഡി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്.

d. എസ്റ്റിമേറ്റ് തയ്യാറാക്കാത്തവർക്കും പണം കൈമാറി.

2. കൈപ്പറ്റ് രസീത് ഇല്ല.

3. അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. എസ്റ്റിമേറ്റിൽ കവിഞ്ഞ തുക കൊടുത്തു. ഉദാ - ശ്രീമതി സുനിത എസ്. എസ്റ്റിമേറ്റ് തുക – 100,000/- രൂപ. സബ്സിഡി 150,000/- രൂപ

5. മോണിറ്ററിംഗ് നടത്തിയിട്ടില്ല.

പദ്ധതികൾ മാർഗരേഖയും മറ്റ് സർക്കാർ ഉത്തരവുകളും പാലിച്ച് നിർവ്വഹിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 അങ്കണവാടികളിൽപോഷകാഹാരം- നിരീക്ഷണകമ്മിറ്റിരൂപീകരിക്കേണ്ടതാണ്

ജി.ഒ (എം.എസ്)4/2016 തസ്വഭവ 11.01.2016 (iii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം / ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും

പോഷകാഹാരം / ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച എൻക്വയറി നം.3ന് 13.2.2019ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 14(1)പ്രകാരം വരുന്ന ഗ്രാമസഭകളിൽ സമിതിഅംഗങ്ങളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സർക്കാർ നിർദ്ദേശം പാലിച്ച് നിരീക്ഷണകമ്മിറ്റി രൂപീകരിക്കേണ്ടതും കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

## 3-14 ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗൻവാടി

സർക്കുലർ നം. 31055/ഡിസി2/2011/തസ്വഭവ, 22/3/11 പ്രകാരം അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ , അംഗൻവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം. ഇത് സംബന്ധിച്ച എൻക്വയറി നം.4ന് 32അംഗൻവാടികൾക്ക് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്നും സെന്റർ നം. 111 കീർത്തിനഗർ അംഗൻവാടിക്ക് ഫിറ്റ്നെസ്സ് ലഭിച്ചിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു. ജി.ഒ(എം.എസ്) 72/2017/lsgd. Dated 29.3.2017 പ്രകാരം അങ്കണവാടികൾക്ക് കെട്ടിടം, സ്ഥലം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതികസാഹചര്യങ്ങൾ ഒരുക്കൽ എന്നിവ നിർബന്ധിതപ്രോജക്ടുകളാണെന്നിരിക്കെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗൻവാടി പ്രവർത്തിക്കുന്നുവെന്നുള്ളത് ഗുരുതരവീഴ്ചയാണ്. സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പ് ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉചിതമായ നടപടികൾ സ്വീകരിച്ച് അംഗൻവാടിയുടെ സുരക്ഷ ഉറപ്പു വരുത്തേണ്ടതാണ്.

## 3-15 ജാഗ്രതസമിതി പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമാക്കേണ്ടതാണ്

ജാഗ്രത സമിതി മാർഗരേഖ സ.ഉ(എം.എസ്)21/07 സാ.ക്ഷേ.വ ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിക്കണം(എഴുതി തയ്യാറാക്കാനായി നൽകുന്ന ഫോം ശേഖരിച്ച് ക്രോഡീകരിക്കണം). ജാഗ്രതസമിതി കൂടി ഇത് വിലയിരുത്തി വാർഡ് തലത്തിൽ പ്രവർത്തനത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് ചെയ്യണം, തുടർ പ്രവർത്തനങ്ങൾക്ക് സഹായമായി എന്ത് ചെയ്യണം എന്നിവ ചർച്ച ചെയ്ത് തുടർ പരിപാടി തയ്യാറാക്കണം. ഇത്തരത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടും തദ്ദേശസ്ഥാപനതല ജാഗ്രതസമിതിയുടെ റിപ്പോർട്ടും കൂടിച്ചേർത്ത് തദ്ദേശസ്ഥാപനത്തിന്റെ ഒരു പൊതു റിപ്പോർട്ടാക്കണം.

രണ്ട് മാസത്തിൽ ഒരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം.

ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിക്കുക. ജാഗ്രതസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ചനടത്തി അവരുടെ പ്രശ്നങ്ങൾ , ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച സംഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കണം. ഭരണസമിതി തലത്തിലുള്ള ഈ മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതാണ്.

ഇത് സംബന്ധിച്ച എൻക്വയറി നം.5 ന് പഞ്ചായത്ത് തലത്തിൽ പരാതികൾ ചർച്ചനടത്തി

പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും എന്നാൽ അതിനുശേഷമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. 13.2.2019ൽ വാർഡ് ജാഗ്രതാസമിതി കൺവീനർമാരേയും അധ്യക്ഷൻമാരേയും ഉൾപ്പെടുത്തി ജാഗ്രതസമിതി പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടുന്നതിനു തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കേണ്ടതും ജാഗ്രതസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുമാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 ബോണക്കാട് വാർഡിൽ വൈദ്യുതീകരണം - അപാകങ്ങൾ

| | |
|---|---|
| പദ്ധതി | സമ്പൂർണ വൈദ്യുതീകരണ പദ്ധതി |
| പദ്ധതി നമ്പർ | SO 214/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 325000/-രൂപ (തനത് ഫണ്ട്) |
| ചെലവ് | 325000/-രൂപ |

വിതുര ഗ്രാമപഞ്ചായത്തിലെ ബോണക്കാട് വാർഡിൽ മഹാവീർ പ്ലാന്റേഷൻസിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് താമസിക്കുന്ന തോട്ടം തൊഴിലാളികളുടെ ലയങ്ങൾ വൈദ്യുതീകരിക്കാൻ രൂപീകരിച്ചതാണ് ഈ പദ്ധതി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.3.2017 ലെ 1076330/ഡിഎ3/16 തസ്വഭവ ഉത്തരവ് പ്രകാരം ബോണക്കാട് വാർഡിലെ 65 ലയങ്ങൾക്ക് വീടൊന്നിന് 5000/- രൂപ വകയിരുത്തി വയറിംഗ് നടത്തുന്നതിന് പദ്ധതി രൂപീകരിക്കുവാൻ പ്രത്യേക അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു:

1. പദ്ധതി പ്രകാരം 65 ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതം അക്കൗണ്ട് ട്രാൻസ്ഫർ വഴി കൈമാറുകയാണുണ്ടായത്. എന്നാൽ വിതുര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് 16.02.2016ൽ സമർപ്പിച്ച അപേക്ഷ പ്രകാരം ഗവ. എഞ്ചിനിയറിംഗ് കോളേജ്, തിരുവനന്തപുരത്തെ വിദ്യാർത്ഥികൾ അവരുടെ പ്രോജക്ടിന്റെ ഭാഗമായി ബോണക്കാട് ലയങ്ങൾ സൗജന്യമായി വയറിംഗ് നടത്തുവാനുള്ള സന്നദ്ധത അറിയിച്ചിരുന്നു എന്നും ഇതിനായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സാധനസാമഗ്രികൾ പഞ്ചായത്ത് ലഭ്യമാക്കേണ്ടതുള്ളതിനാൽ തുക വകയിരുത്തി പദ്ധതി രൂപീകരിക്കുവാൻ അനുമതിയും തേടിയിരുന്നു. ഈ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി ലഭിച്ചത്. എന്നിട്ടും സാധനസാമഗ്രികൾ ലഭ്യമാക്കുവാൻ പദ്ധതി വയ്ക്കാതെ തുക നേരിട്ട് ഗുണഭോക്താവിന് നൽകുന്ന രീതിയിലാണ് പദ്ധതി തയ്യാറാക്കിയത്. ഈ തുക ഗുണഭോക്താവ് ഏതു രീതിയിലാണ് ചെലവഴിച്ചത് എന്ന് വ്യക്തമല്ല. എഞ്ചിനിയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിന് പകരം ഓരോ ഗുണഭോക്താവും സാധനങ്ങൾ വാങ്ങി ലഭ്യമാക്കേണ്ടി വന്നതിനാൽ വയറിംഗിനാവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്താൻ കഴിയില്ല.

2. 4860/- രൂപയുടെ എസ്റ്റിമേറ്റാണ് എഞ്ചിനിയറിംഗ് കോളേജിൽ നിന്നും ലഭ്യമാക്കിയത്. ലേബർ ചാർജ്ജ് സൗജന്യമാണ്. എന്നിട്ടും ഓരോ ഗുണഭോക്താവിനും 5000/- രൂപ വീതാണ് നൽകിയത്. ബോണക്കാട് വാർഡിനായി പ്രത്യേക അനുമതിയോടു കൂടി രൂപീകരിച്ച ഈ പദ്ധതിയുടെ ചെലവ് കണക്കാക്കേണ്ടിയിരുന്നത് ടി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലായിരുന്നു. 2017-18 വർഷത്തെ പദ്ധതികൾക്കായുള്ള സബ്സിഡി മാർഗരേഖയിൽ (സ.ഉ.(എം.എസ്) നം. 80/2017/തസ്വഭവ തീ. 3.4.2017) വീട്ടു വയറിംഗ് പദ്ധതികൾക്കായി 5000/- രൂപ വരെ സബ്സിഡി അനുവദിക്കാമെങ്കിലും ഇത് ലേബർ ചാർജ്ജ് ഉൾപ്പെടെയുള്ള തുകയാണ്. മാത്രമല്ല പ്രത്യേക അനുമതിയോടുകൂടി നടപ്പിലാക്കിയ പദ്ധതിയായതിനാൽ സബ്സിഡി മാർഗരേഖയിലെ പല നിർദ്ദേശങ്ങളും (ഉടമസ്ഥാവകാശം ഉൾപ്പെടെ) ബാധകമല്ല. അതിനാൽ എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുകയാണ് ഗുണഭോക്താവിന് നൽകേണ്ടിയിരുന്നത്.

3. വിദ്യാർത്ഥികൾ ബോണക്കാട് വാർഡിൽ നടത്തിയ പ്രവൃത്തിയുടെ വിവരങ്ങൾ, പ്രോജക്ട് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

4. പദ്ധതി സംബന്ധമായി നടത്തിയ സ്ഥലപരിശോധനയിൽ പ്രവൃത്തി നടത്തിയ വീട്ടുകളിൽ സ്ഥാപിച്ചിരിക്കുന്ന എനർജി മീറ്ററുകളിൽ രേഖപ്പെടുത്തിയ കൺസ്യൂമർ നമ്പർ, സി.ഡി അടച്ച് ലഭ്യമാക്കിയ രസീതിലെ കൺസ്യൂമർ നമ്പർ എന്നിവ പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | മീറ്ററിൽ രേഖപ്പെടുത്തിയ കൺസ്യൂമർ നം. | രസീതിൽ രേഖപ്പെടുത്തിയ കൺസ്യൂമർ നം. |
|---|---|---|---|
| i) | സ്റ്റെല്ലാഭായി, ടോപ്പ് ഡിവിഷൻ, ബോണക്കാട് | 1145494027436 | എ 2145491700615 |
| ii) | കമലാക്ഷി, 7/285, ജി.ബി ഡിവിഷൻ, ബോണക്കാട് | 1145494027429 | എ 2145491700600 |

5. പദ്ധതി പ്രകാരം തുക ലഭിച്ച രാജേന്ദ്രൻ, 7/217, ടോപ്പ് ഡിവിഷൻ, ബോണക്കാട് എന്ന പേരിൽ അപേക്ഷ സമർപ്പിച്ച ഗുണഭോക്താവ് ഹാജരാക്കിയ തിരിച്ചറിയൽ രേഖകൾ പ്രകാരം (റേഷൻ കാർഡ്, ആധാർ) ഇദ്ദേഹം താമസിക്കുന്നത് മുകേഷ് ഭവൻ, പൊറ്റിക്കുന്ന്, കെ.പി.എസ്.എം, വിതുര എന്ന വിലാസത്തിലാണ്. ബോണക്കാട് വാർഡിൽ താമസമില്ലാത്ത ഈ ഗുണഭോക്താവിനും പദ്ധതി പ്രകാരം സബ്സിഡി ലഭിച്ചിട്ടുണ്ട്.

6. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥലപരിശോധനയിൽ പദ്ധതിയുടെ ഗുണഭോക്താക്കളിൽ പലരും ബോണക്കാട് വാർഡിൽ താമസിക്കുന്നില്ല എന്ന് കണ്ടെത്തി. ഇവരുടെ ലയങ്ങൾ എല്ലാം പൂട്ടിക്കിടക്കുകയാണ്. ഉദാഹരണത്തിന്,

| | | |
|---|---|---|
| i) | റോസ്‌ലെറ്റ്, ടോപ്പ് ഡിവിഷൻ, ബോണക്കാട് വാർഡ് | ലയത്തിൽ ആരും താമസമില്ല. ഇലക്ട്രിക് മീറ്റർ ഊരിമാറ്റിയിരിക്കുന്നു. |
| ii) | പ്രസാദ്, ജി.ബി ഡിവിഷൻ, ബോണക്കാട് വാർഡ് | ലയത്തിൽ ആരും താമസിക്കുന്നില്ല. |

| | | |
|---|---|---|
| iii) | ലോറൻസ്, ജി.ബി ഡിവിഷൻ, ബോണക്കാട് വാർഡ് | ലയത്തിൽ ആരും താമസിക്കുന്നില്ല. |

8. പദ്ധതി സംബന്ധമായി നടത്തിയ സ്ഥലപരിശോധനയിൽ പല വീടുകളിലും നടത്തിയ വയറിംഗിൽ എസ്റ്റിമേറ്റിന്റെ ഭാഗമായിട്ടും എർത്ത് വയർ കവർ ചെയ്യാൻ ഉപയോഗിക്കുന്ന എർത്ത് പൈപ്പ് ഉപയോഗിച്ചിട്ടില്ല. പലയിടത്തും എർത്ത് വയർ ഇൻസുലേഷനില്ലാത്ത അവസ്ഥയിലാണ്. വീടുകളിൽ സ്ഥാപിച്ച ഇ.എൽ.സി.ബി, ഐ.സി.ഡി.പി (മെയിൻ സ്വിച്ച്) എന്നിവയിൽ ഐ.എസ്.ഐ മാർക്ക് കാണാൻ കഴിഞ്ഞില്ല.

പദ്ധതി പ്രകാരം ബോണക്കാട് വാർഡിൽ വയറിംഗ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും ഗുണനിലവാരമുള്ള സാമഗ്രികളുടെ ഉപയോഗമോ, ചെയ്ത പ്രവൃത്തികളുടെ കൃത്യതയോ മോണിറ്ററിംഗിലൂടെ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. അർഹരായ ഗുണഭോക്താക്കൾക്കാണോ ആനുകൂല്യം ലഭിച്ചത് എന്നും ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല. ബോണക്കാട് വാർഡ് പോലൊരു പിന്നാക്ക മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ അർഹരായ ഗുണഭോക്താക്കൾക്ക് പരമാവധി ഗുണം ലഭിക്കുവാൻ കൃത്യമായ മേൽനോട്ടം ആവശ്യമാണ്. വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണനിലവാരം, സാമ്പത്തിക യുക്തി എന്നിവ പരിഗണിച്ച് മാത്രം പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 സ്കൂൾക്ലാസ് റൂമിലേക്ക് അലമാര വാങ്ങൽപദ്ധതിയിൽ അപാകങ്ങൾ

HM നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

| | |
|---|---|
| 1.പദ്ധതി | സ്കൂൾക്ലാസ് റൂമിലേക്ക് അലമാര വാങ്ങൽ |
| പദ്ധതി നമ്പർ | SO 233/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | 175000/- (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 160125/- |
| ബിൽ നമ്പർ, തീയതി, തുക | 1/17-18 തീയതി 27.01.2018 – 160125/- രൂപ |

പദ്ധതി പ്രകാരം സ്കൂൾ ക്ലാസ്റൂമുകളിലേക്ക് 35 സ്റ്റീൽ അലമാരകൾ വാങ്ങി നൽകി. വിഷ്ണു സ്റ്റീൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് അലമാര ഒന്നിന് 4425/- രൂപ എന്ന നിരക്കിൽ വാങ്ങിയിരിക്കുന്നത്. 5250/- രൂപ കയറ്റിറക്ക് കൂലിയും സ്ഥാപനം ഈടാക്കിയിട്ടുണ്ട്. എന്നാൽ ഏറ്റവും കുറവ് വില ക്വോട്ട് ചെയ്ത (4400/- രൂപ) എ-വൺ ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിച്ചിട്ടില്ല. ഇത് സംബന്ധമായി നല്കിയ ഓഡിറ്റ് എൻക്വയറി 23-ന് മറുപടിയായി എ വൺ ഏജൻസീസ് സ്പെസിഫിക്കേഷൻ ഒന്നും രേഖപ്പെടുത്താത്തത് കൊണ്ടാണ് ഇവരുടെ ടെണ്ടർ പരിഗണിക്കാത്തത് എന്ന് വിശദീകരണം ലഭിച്ചു. പ്രൊക്വയർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ എ-വൺ ഏജൻസീസിന്റെ ടെണ്ടർ പരിഗണിക്കുകയോ, അലമാരയുടെ സ്പെസിഫിക്കേഷൻ, സാമ്പിൾ എന്നിവ ആവശ്യപ്പെടുകയോ

പരിശോധിക്കുകയോ ചെയ്തിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച്കൊണ്ട് ഏറ്റവും കുറവ് വില ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ഉൽപന്നം പരിശോധിക്കാതെ ടെണ്ടർ അവഗണിച്ചത് ന്യായീകരിക്കാവുന്നതല്ല.

ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ മേൽ സൂചിപ്പിച്ച അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

2. വിവിധ പദ്ധതികൾക്കായി സാധനങ്ങൾ വാങ്ങാൻ നൽകിയ ദർഘാസ് പരസ്യത്തിൽ മേശ, കസേര, അലമാര മുതലായവയുടെ വിശദമായ സ്പെസിഫിക്കേഷൻ (ഗേജ്, ഇനം) നൽകിയിട്ടില്ല. വിശദമായ സ്പെസിഫിക്കേഷന്റെ അഭാവത്തിൽ സാധനങ്ങളുടെ ഗുണനിലവാരം എന്ത് മാനദണ്ഡം അനുസരിച്ചാണ് തീരുമാനിച്ചത് എന്ന് വ്യക്തമല്ല. ഇത് സംബന്ധമായ ഓഡിറ്റ് എൻക്വയറി 23 ന് ലഭ്യമാക്കിയ മറുപടിയിൽ വിശദമായ സ്പെസിഫിക്കേഷന്റെ അഭാവത്തിൽ വിവിധ ഗുണനിലവാരത്തിലുള്ള സാധനങ്ങളുടെ ക്വട്ടേഷനുകൾ ലഭിച്ചിരുന്നുവെന്നും സാധനങ്ങൾ നേരിട്ട് പ്രൊക്വയർമെന്റ് കമ്മിറ്റി പരിശോധിച്ച് ഏറ്റവും മെച്ചപ്പെട്ടത് എന്ന് ബോധ്യപ്പെട്ട സാധനങ്ങൾ വാങ്ങുവാൻ തീരുമാനിക്കുകയായിരുന്നുവെന്നും വിശദീകരിച്ചു.

എന്നാൽ വിശദമായ സ്പെസിഫിക്കേഷന്റെ അഭാവത്തിൽ പല തരം സ്പെസിഫിക്കേഷനുകളുള്ള സാധനങ്ങളുടെ ക്വൊട്ടേഷനുകളാണ് ലഭിച്ചത്. ഇവ തമ്മിൽ താരതമ്യം ചെയ്യുക എന്നത് പ്രയാസമാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾക്ക് സാധനങ്ങൾ സമാഹരിക്കുമ്പോൾ വ്യക്തമായ സ്പെസിഫിക്കേഷൻ ടെണ്ടർ പരസ്യത്തിൽ ഉൾപ്പെടുത്തേണ്ടതും തദ്ദേശഭരണസ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖയിലെ (ജി.ഒ.പി./259/2010, ത.സ്വ.ഭ.വ8.11.2010)സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 3-18 ഗുണഭോക്തൃതെരഞ്ഞെടുപ്പ്-സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

പഞ്ചായത്തിരാജ് /നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച സ.ഉ(എം.എസ്) നം. 80/2017/lsgd. Dated 3.4.2017 പ്രകാരം ഗ്രാമസഭ അംഗീകരിച്ച മുൻഗണനാക്രമം മാറ്റാതെ ഭരണസമിതി ഗുണഭോകതൃലിസ്റ്റിന് അംഗീകാരം നൽകേണ്ടതാണ്. സമിതി അംഗീകരിച്ച ഓരോ വാർഡ് തല ലിസ്റ്റിലെയും ഗുണഭോക്താക്കളുടെ എണ്ണത്തെ തദ്ദേശഭരണസ്ഥാപനത്തിൽ തൻവർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിക്കുന്നതിനെ എല്ലാ വാർഡുതലത്തിലെയും ഗുണഭോക്താക്കളുടെ ആകെ എണ്ണം കൊണ്ട് ഭാഗിച്ചാൽ ഓരോ വാർഡിൽ നിന്നും തദ്ദേശഭരണസ്ഥാപന തലത്തിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം കിട്ടും. ഇതിനെ മാർക്കിന്റെ മുൻഗണനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി തദ്ദേശസ്ഥാപനതല ലിസ്റ്റ് ആക്കണം. ഇതായിരിക്കണം അടിസ്ഥാന ലിസ്റ്റ്. ഇതിൽ നിന്നും മാറ്റങ്ങൾ വരുത്തേണ്ടി വരുന്നെങ്കിൽ അതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തി ഭരണസമിതി അംഗീകരിക്കണം.അംഗീകരിച്ച മുൻഗണനാലിസ്റ്റ് തദ്ദേശഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ല.

എന്നാൽ പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ വാർഡ് അടിസ്ഥാനത്തിലുള്ള ഗുണഭോക്തൃലിസ്റ്റ് മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. വെബ്സൈറ്റിൽ ആയത് പ്രസിദ്ധീകരിച്ചിട്ടുമില്ല. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള മാർക്കിന്റെ മുൻഗണനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തിയ തദ്ദേശസ്ഥാപന ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുമ്പോൾ ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട്

ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കുകയും ചെയ്യേണ്ടതാണെങ്കിലും അപ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ലായെന്ന് എൻക്വയറി 8ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഡ് 5,10,17എന്നിവയിലെ ഗുണഭോകതാക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ മാർക്ക് രേഖപ്പെടുത്തിയിട്ടില്ല( പ്രോജക്ടുകൾ- കട്ടിൽ വിതരണം, വാഴകൃഷി വികസനം, പട്ടിക വർഗവിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, അടുക്കളത്തോട്ടം, കുറ്റികുരുമുളക് കൃഷി വ്യാപനം)

ഇത് സംബന്ധിച്ച എൻക്വയറി 10-ന് വരുന്ന വാർഷികപദ്ധതിയിലെ ഗുണഭോക്തൃലിസ്റ്റുകൾ എല്ലാം തന്നെ തദ്ദേശഭരണസ്ഥാപനതലത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി നൽകുന്നതാണെന്നും 2018-19മുതൽ ഗുണഭോകതൃലിസ്റ്റുകൾ എല്ലാം തന്നെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ സൂക്ഷിക്കേണ്ടതും അർഹരായ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭിക്കുന്നതെന്ന് ഭരണസമിതി ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-19 തൊഴിൽരഹിതവേതനം - അർഹതയില്ലാതെ കൈപ്പറ്റി

ഫയൽ നം. A4-9970/13.12.18 ൽ കല്ലാർ വാർഡിൽ ശ്രീമതി. സീനാകുമാരി. വി, സീനാഭവൻ എന്നയാൾ 691റോൾ നമ്പരിൽ 2004 നവംബർ മാസം മുതൽ വേതനം വാങ്ങി വരുന്നതായും എന്നാൽ 26.9.2009മുതൽ ടിയാൾ എംപ്ളോയ്മെന്റ് ഓഫീസ് മുഖാന്തിരം ദിവസവേതനാടിസ്ഥാനത്തിൽ കെ.എസ്. ആർ.ടി.സിയിൽ ജോലിചെയതു വരുന്നത് ബോധ്യപ്പെട്ടതായും രേഖപ്പെടുത്തിയിരിക്കുന്നു. 2009 ഒക്ടോബർ മുതൽ 2017 മെയ് വരെ കൈപ്പറ്റിയ11040/- രൂപയും പലിശയുമുൾപ്പെടെ ശ്രീമതി. സീനാകുമാരി.വി തിരികെ അടവാക്കാൻ സമ്മതിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച എൻക്വയറി 2ന് 12.2.2018ൽ തുക തിരികെ അടവാക്കുന്നതിനായി ശ്രീമതി. സീനാകുമാരിയ്ക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും തുക ഒടുക്കിയ രസീതിന്റെ പകർപ്പ് സഹിതം പരിശോധനയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകിയിരിക്കുന്നു. അർഹരായ ഗുണഭോക്താക്കൾക്കാണ് തൊഴിൽരഹിതവേതനം ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതും ശ്രീമതി, സീനാകുമാരിയിൽ നിന്ന് തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 10200 | ജൈവസമൃദ്ധി | 10200 | - |
| ജില്ലാപഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | 10200 | 10200 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 72875 | സ്കോളർഷിപ്പും ബത്തയും | 72875 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 72875 | സ്കോളർഷിപ്പും ബത്തയും | 72875 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 95000 | പാലിനു സബ്സിഡി നൽകൽ | 95000 | - |
| ജില്ലാപഞ്ചായത്ത് | 2017-18 | 4000 | പാലിനു സബ്സിഡി നൽകൽ | 40000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 64000 | പാലിനു സബ്സിഡി നൽകൽ | 64000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 100000 | പാലിനു സബ്സിഡി നൽകൽ | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കേരളവാട്ടർ അതോറിറ്റി | ചെറ്റച്ചൽ അംഗണവാടി കുടിവെള്ള സൗകര്യം ലഭ്യമാക്കൽ | 67000 | 67000 (വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല) | 0 |
| 2 | കേരളവാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1114000* | 1114000 (വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല) | 0 |

* വാർഷിക ധനകാര്യപത്രികയിൽ ടി തുക ബാലൻസ് ആയി കാണിച്ചിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായി | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | രുന്ന തുക | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ഭവനനിർമ്മാണം | GO(P) 320/10 LSGD dtd 29.10.2016 | 18500000 | 2479650 | 850000 | - | 1629650 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 2033 /-രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|---|
| 1 | 2015-16 | 1(3) | 500 | വിജി.പി&നിതീഷ്,ക്ലർക്ക് ഇന്ത്യൻ ബാങ്ക് | 117010400013, 20/10/2017 |
| 2 | 2015-16 | 1(3) | 250 | സന്ധ്യ, കെ.എസ് ആർ.ടി.സി | 117010100688 19/4/2017 |
| 3 | 2015-16 | 1(3) | 250 | ജയലക്ഷ്മി,എസ്.ബി.ഐ, വിതുര | 117010400000 31/8/17 |
| 4 | 2015-16 | 1(3) | 313 | രാജീവ്, ജഴ്സി ഫാം,വിതുര | 117010103160 31/8/17 |
| 5 | 2015-16 | 3(17) | 720 | രഞ്ചിത, സീനിയർ ക്ലർക്ക് | 020609110000119/11/2017 |
| | | ആകെ | 2033 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക |
|---|---|
| 2000-01 | 64 |
| 2004-05 | 3-10 |
| 2006-07 | 3-7 |
| 2007-08 | 3-8 |

## 4-8 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

*എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 95581503 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 94518469 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 79106 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 54109 | 1.ശ്രീമതി.നിഷാപിള്ള എച്ച്, അസിസ്റ്റന്റ്എഞ്ചിനീയർ.<br>2.ശ്രീമതി.ശ്രീദേവി.വി.എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 16622 | ശ്രീമതി.ശ്രീദേവി.വി.എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 8375 | ശ്രീമതി.ശ്രീദേവി.വി.എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |

*(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

ഇല്ല

*(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.നിഷാപിള്ള എച്ച്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, | രേവതി, മേടയിൽ,<br>കരുപ്പൂർ, നെടുമങ്ങാട് |
| ശ്രീദേവി.വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>വിതുര ഗ്രാമ പഞ്ചായത്ത് | കടുക്കറ വീട്, കരകുളം പി.ഒ<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 2 | |
| 2003-04 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 5 | |
| 2004-05 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 1 | |
| 2005-06 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 1 | |
| 2008-09 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 11 | |
| 2009-10 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 9 | |
| 2010-11 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 11 | |
| 2011-12 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 8 | |
| 2012-13 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 3 | |
| 2013-14 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 7 | |
| 2014-15 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 20 | |
| 2015-16 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 22 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

S.12/4/19

## അനുബന്ധം-I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വിതുര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യപത്രിക വിതുര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.